(ബി) പ്രസ്തുത ടെയിനിംഗിൽ ബത്ത നൽകാതെ ആയത് സ്വീകരിച്ചതായി ടെയിനികളെക്കൊണ്ട് ഒപ്പുവച്ച് വാങ്ങിയതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് വേണ്ടി ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എച്ച്.എം.ഐ.എസ്.) പരിശീലന പരിപാടി നടത്തിയത് HISP INDIA-യാണ്. അതിനാൽ ടെയിനിംഗിൽ ജീവനക്കാരുടെ രേഖകളും വൗച്ചറുകളും വാങ്ങി സൂക്ഷിച്ചത് HISP INDIA യിലെ ജീവനക്കാരാണ്. 24-4-2013-ൽ ചേർന്ന കോട്ടയം ജില്ലാ നിർവ്വാഹക സമിതി യോഗത്തിന്റെ തീരുമാനപ്രകാരം പ്രസ്തുത ടെയിനിംഗിന്റെ എല്ലാ കാര്യങ്ങളും ഏൽപ്പിച്ചിരുന്നത് HISP INDIA-യെ ആയിരുന്നതുകൊണ്ട് എൻ.എച്ച്.എം. ഫണ്ടിൽനിന്ന് ടി തുക നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു.

(ബി) പ്രസ്തുത ടെയിനിംഗിൽ ബത്ത നൽകാതെ ആയത് സ്വീകരിച്ചതായി ടെയിനികളെ കൊണ്ട് ഒപ്പുവച്ച് വാങ്ങിയതായി പരാതി ഒന്നും ലഭിച്ചിട്ടില്ല എന്ന് ടെയിനിംഗ് നടത്തിയ കോട്ടയം ജില്ലയിലെ എൻ.എച്ച്.എം. പ്രോഗ്രാം മാനേജർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് പരാതികളൊന്നും ലഭിച്ചിട്ടില്ല.

മരുന്ന് ക്ഷാമം

30 (719) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം സർക്കാർ ആയുർവ്വേദ ആശുപത്രിയിൽ അനുഭവപ്പെടുന്ന മരുന്ന് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ തോതിലും, യഥാസമയവും മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡിപ്പാർട്ട്മെന്റ് മുഖേനയും നായരമ്പലം ഗ്രാമപഞ്ചായത്ത് പ്രോജക്ട് പ്രകാരവും മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നുണ്ട്.

(സി) നായരമ്പലം സർക്കാർ ആയുർവ്വേദ ആശുപത്രിയിൽ പുതുതായി ഒ.പി. ബ്ലോക്ക് നിർമ്മിച്ചിട്ടുണ്ട്. പഞ്ചകർമ്മ തിയേറ്ററിന്റെ നവീകരണ പ്രവർത്തനം നടപ്പിലാക്കിയിട്ടുണ്ട്.

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

31 (720) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ആസ്ഥാനമായുള്ള നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ ഏതു കെട്ടിടത്തിലാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിനായുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ഡി) കെട്ടിടം എന്നുമുതൽ തുറന്ന് പ്രവർത്തിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കാഞ്ഞങ്ങാട്, ആരോഗ്യവകുപ്പിന്റെ കീഴിലാണ് ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നത്. നിലവിൽ ട്രെയിനിംഗ് നടത്തുന്നത് ജില്ലാ മെഡിക്കൽ ഓഫീസറുടെ കോൺഫറൻസ് ഹാളിലും ജില്ലാ ആശുപത്രിയിലെ പാലിയേറ്റീവ് ട്രെയിനിംഗ് സെന്ററിലുമാണ്.

(ബി) നാഷണൽ ഹെൽത്ത് മിഷൻ മുഖേന പുതിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

(സി) പുതിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഫർണിച്ചറുകളും ഉപകരണങ്ങളും സൈറ്റിൽ ലഭ്യമായിട്ടില്ല.

(ഡി) ഫർണിച്ചർ ലഭ്യമായ ഉടൻതന്നെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly